പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പര്‍ : 3700 17.12.2015-ല്‍ മറുപടിക്ക്.

## പോലീസ് സ്റ്റേഷനുകളിലെ അഴിമതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തോമസ് ഉണ്ണിയാടന്‍<br>ശ്രീ.റ്റി.യു. കുരുവിള<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ. മോന്‍സ് ജോസഫ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലന്‍സും വകുപ്പ് മന്ത്രി) |
| (എ) പോലീസ് സ്റ്റേഷനുകളിലെ അഴിമതി ഇല്ലാതാക്കാനും അഴിമതി സാദ്ധ്യതകള്‍ കണ്ടെത്തി തടയുവാനും ആഭ്യന്തര വകുപ്പ് പുതിയ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;<br><br>(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കുന്നതെന്ന് അറിയിക്കുമോ;<br><br>(സി) ഇത് നടപ്പാക്കാന്‍ ഭരണതലത്തില്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | : (എ,ബി & സി) ഉണ്ട്. പോലീസ് സ്റ്റേഷനുകളിലേയും മറ്റും അഴിമതി ഇല്ലാതാക്കാനും, അഴിമതികള്‍ കണ്ടെത്തി തടയുന്നതിനും ആന്തരിക നിരീക്ഷണ സംവിധാനമായ Internal Vigilance Cell രൂപീകൃതമായിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിലേയും മറ്റ് പോലീസ് ഓഫീസുകളിലെയും അഴിമതി നിര്‍മ്മാര്‍ജ്ജനത്തിലൂടെ പൊതുജനങ്ങള്‍ക്ക് നീതി ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. ഇപ്രകാരം പൊതുജനങ്ങള്‍ക്ക് അഴിമതിയുമായി ബന്ധപ്പെട്ട പരാതികള്‍ നല്‍കുന്നതിനായി, ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ ഫോണ്‍ നമ്പരുകള്‍ എല്ലാ പോലീസ് സ്റ്റേഷനുകളിലും പോലീസ് ഓഫീസുകളിലും പ്രദര്‍ശിപ്പിച്ചിട്ടുള്ളതാണ്. കൂടാതെ ഇന്റേണല്‍ വിജിലന്‍സ് അംഗങ്ങള്‍ മുന്‍പാകെയും പരാതി നല്‍കാവുന്നതാണ്. |

സെക്ഷന്‍ ഓഫീസര്‍